കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മമ്പാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം26/ 3447/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.31-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മമ്പാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മമ്പാട് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം26/3447/2016 തിയ്യതി: 31/01/2017

## മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.03.2016 മുതൽ 17.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ. ഷാജഹാൻ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17-12-2016 മുതൽ 26-12-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ.

ശ്രീ. അജിത്.ആർ - ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. വേലായുധൻ.കെ.ജി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. റഷീദ്.വി – ഓഡിറ്റർ

ശ്രീമതി.സുജാത.എം – ഓഡിറ്റർ

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. എം.ചന്ദ്രൻ | 01.04.2015 മുതൽ 11.11.2015 വരെ |
| സെക്രട്ടറി, വി.ഇ.ഒ , ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരുടെ സമിതി | 12.11.2015 മുതൽ 18.12.2015 വരെ |
| ശ്രീമതി. കണ്ണിയൻ റുഖിയ | 19.12.2015മുതൽ 31.03.2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. പി.നാരായണപിള്ള | 01.04.2015 മുതൽ 04.04.2015 വരെ |
| ശ്രീ.ബാലകൃഷ്ണ വാര്യർ (അസി.സെക്രട്ടറി- ഇൻ ചാർജ്) | 05.04.2015 മുതൽ 19.04.2015 വരെ |
| ശ്രീ. പി.നാരായണപിള്ള | 20.04.2015 മുതൽ 30.04.2015 വരെ |
| ശ്രീ.ബാലകൃഷ്ണ വാര്യർ (അസി.സെക്രട്ടറി- ഇൻ ചാർജ്) | 01.05.2015 മുതൽ 16.05.2015 വരെ |
| ഒഴിവ് | 17.05.2015 മുതൽ 19.05.2015 വരെ |

| | |
|---|---|
| ശ്രീ.ഗിരീഷ്.വി.ജെ (അസി.സെക്രട്ടറി- ഇൻ ചാർജ്) | 20.05.2015 മുതൽ 03.06.2015 വരെ |
| ശ്രീ. എ.മുരുഗൻ ആചാരി (അസി.സെക്രട്ടറി- ഇൻ ചാർജ്) | 04.06.2015 മുതൽ 25.09.2015 വരെ |
| ശ്രീ. സുദേവൻ.പി.സി (അസി.സെക്രട്ടറി- ഇൻ ചാർജ്) | 26.09.2015 മുതൽ 19.11.2015 വരെ |
| ശ്രീ.അവിസന്ന.പി (അസി.സെക്രട്ടറി- ഇൻ ചാർജ്) | 20.11.2015 മുതൽ 04.12.2015 വരെ |
| ശ്രീ. സുദേവൻ.പി.സി (അസി.സെക്രട്ടറി- ഇൻ ചാർജ്) | 05.12.2015 മുതൽ 07.01.2016 വരെ |
| ശ്രീ.എം.ജിനചന്ദ്രൻ | 08.01.2016 മുതൽ 01.02.2016 വരെ |
| ശ്രീ.അവിസന്ന.പി (അസി.സെക്രട്ടറി- ഇൻ ചാർജ്) | 02.02.2016 മുതൽ 31.03.2016 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.ബാലകൃഷ്ണ വാര്യർ | 01.04.2015 മുതൽ 16.05.2015 വരെ |
| | ഒഴിവ് | 17.05.2015 മുതൽ 19.05.2015 വരെ |
| | ശ്രീ. ഗിരീഷ് വി ജെ | 20.05.2015 മുതൽ 03.06.2015 വരെ |
| | ശ്രീ. എ.മുരുഗൻ ആചാരി | 04.06.2015 മുതൽ 25.09.2015 വരെ |
| | ശ്രീ. സുദേവൻ.പി.സി | 26.09.2015 മുതൽ 19.11.2015 വരെ |
| | ശ്രീ.അവിസന്ന.പി | 20.11.2015 മുതൽ 04.12.2015 വരെ<br>02.02.2016 മുതൽ 31.03.2016 വരെ |
| | ശ്രീ. സുദേവൻ.പി.സി | 05.12.2015 മുതൽ 07.01.2016 വരെ |
| | ലഭ്യമല്ല | 08.01.2016 മുതൽ 01.02.2016 വരെ |
| | ശ്രീ.അവിസന്ന.പി | 02.02.2016 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.കുഞ്ഞഹമ്മദ്.വി.പി | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.മനോജ്.എം.വർഗ്ഗീസ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ബി.തങ്കപ്പൻ | 01.04.2015 മുതൽ 31.05.2015 വരെ |
| | ശ്രീ.ബീരാൻകുട്ടി ചുങ്കത്ത് | 01.06.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലളിതാബായി | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ധന്യശ്രീ | 01.04.2015 മുതൽ 10.06.2015 വരെ |
| | ഡോ.മൻസൂർ അലി | 11.06.2015 മുതൽ 21.06.2015 വരെ |
| | ഡോ.ആയിഷക്കുട്ടി എളയേടത്ത് | 22.06.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഫാത്തിമ | 01.04.2015 മുതൽ 10.08.2015 വരെ |
| | ശ്രീമതി. പുഷ്പജ.സി | 11.08.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. സുബൈർ ബാബു.കെ | 01.04.2015 മുതൽ 27.12.2015 വരെ |
| | ശ്രീമതി.ശ്രീഇ.പി.പ്രേമൻ | 28.12.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.അബ്ദു റസാക്ക് | 01.04.2015 മുതൽ 14.07.2015 വരെ |
| | ശ്രീ.പ്രശാന്ത്.എൻ.ടി | 15.07.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് - ഗ്രാമപഞ്ചായത്തിന് 900/- രൂപ നഷ്ടം. | 2-1 | |
| 13 | എഫ്.എ.ആർ അധികരിച്ചുള്ള നിർമ്മാണത്തിന് അധികഫീസ് ഈടാക്കിയില്ല - ഗ്രാമപഞ്ചായത്തിന് 53,360/- രൂപ നഷ്ടം. | 2-2 | |
| 14 | ക്രമവിരുദ്ധമായി കെട്ടിടത്തിന് നമ്പർ അനുവദിച്ചു - വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. | 2-3 | |

| | | | |
|---|---|---|---|
| 15 | കെ.പി.ബി.ആർ - കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ | 2-4 | |
| 16 | തൊഴിൽ നികുതി അടവാക്കിയില്ല | 2-5 | |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ. | 2-6 | |
| 18 | വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമ പഞ്ചായത്തിന് 2743/- രൂപ നഷ്ടം. | 2-7 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | ക്രമപ്രകാരമല്ലാതെ പഞ്ചായത്ത് വാഹനത്തിന്റെ ടയർ മാറ്റിയത് | 3-1 | |
| 20 | ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-2 | |
| 21 | സാക്ഷരതാ പ്രേരകുമാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത്- ക്രമീകരണവിവരമില്ല. | 3-3 | |
| 22 | തെരുവു വിളക്കുകൾ സ്ഥാപിക്കൽ-പൂർത്തീകരണ സാക്ഷ്യപത്രമില്ല. | 3-4 | |
| 23 | ശുചിത്വമിഷൻ ഗ്രാന്റ്--വിനിയോഗ വിവരമില്ല. | 3-5 | |
| 24 | 10-ാം തരം തുല്യതാ പരിപാടി-രേഖകൾ ഹാജരാക്കിയില്ല. | 3-6 | |
| 25 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാഭ്യാസമേഖലയിൽ പണം ചെലവഴിച്ചു. | 3-7 | |
| 26 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്--സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല. | 3-8 | |
| 27 | ഭക്ഷ്യധാന്യങ്ങൾ വാങ്ങൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-9 | |
| 28 | അംഗനവാടികൾക്ക് ഭക്ഷ്യധാന്യ സംഭരണി--സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല. | 3-10 | |
| 29 | ആശ്രയ പദ്ധതി | 3-11 | |
| 30 | കോൺക്രീറ്റ് റോഡ് നിർമ്മാണം അപാകതകൾ. | 3-12 | |
| 31 | മരാമത്ത് പ്രവൃത്തികൾ ഫണ്ട് വിനിയോഗം ഫലപ്രദമല്ല | 3-13 | |
| 32 | മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് പുതിയപ്രവൃത്തികൾ ചെയ്തപ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-14 | |
| 33 | ആടുവളർത്തൽ പദ്ധതികൾ - അപാകതകൾ | 3-15 | |
| 34 | നോൺ- അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. | 3-16 | |
| 35 | കാലിത്തൊഴുത്ത് നിർമ്മാണം- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല. | 3-17 | |
| 36 | ഐ.എ.വൈ. വിഹിതം - അധികമായി അടവാക്കിയത് 1356537- രൂപ. | 3-18 | |
| 37 | ഇടപാടുകളില്ലാത്ത അക്കൗണ്ടുകളിൽ വർഷങ്ങളായി മുടങ്ങികിടക്കുന്നത് ലക്ഷങ്ങൾ. | 3-19 | |
| 38 | ഭവന നിർമ്മാണം- പൂർത്തീകരിച്ചില്ല. | 3-20 | |
| 39 | റോഡ്ടാറിംഗ് പ്രവൃത്തികൾ ബിറ്റുമിന് അധികനിരക്ക് നൽകി. | 3-21 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 43 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 44 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |

| | | | |
|---|---|---|---|
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 23.03.2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 29.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി താരതമ്യം ചെയ്യാൻ സാധിക്കുന്നില്ല.

2). വസ്തുനികുതി ഡിമാന്റ് , അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3). 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 (4) എ, ബി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4). ആസ്തികളുടെ മൂല്യം പൂർണ്ണമായി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5). സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19764398 |
| വരവ് | 44614575 |
| ആകെ | 64378973 |
| ചെലവ് | 59255721 |
| നീക്കിയിരുപ്പ് | 5123252 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് % | നീക്കി യിരുപ്പ് RP40b |
|---|---|---|---|---|---|---|---|---|

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് % | നീക്കിയിരുപ്പ് RP40b |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 3455864 | 6278202 | 13445233 | 23179299 | 13975192 | 9204107 | 60.29 % | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1009599 | *(-) 1009599 | 5729599 | 5729599 | 4370781 | 1358818 | 59.09 % | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 652293 | *(-) 652293 | 2851293 | 2851293 | 2077870 | 773423 | 72.87 % | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 50000 | 0 | 5879000 | 5929000 | 5295639 | 633361 | 89.32 % | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 779728 | 0 | 3642000 | 4421728 | 3485785 | 935943 | 78.83 % | 0 |
| 13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2768726 | *(-) 834591 | 6333375 | 8267510 | 7514080 | 753430 | 90.89 % | 0 |
| പെർഫോർമൻസ് ഗ്രാന്റ് | 3806924 | *(-) 3781719 | 3781719 | 3806924 | 3302080 | 504844 | 86.74 % | 0 |

* വികസന ഫണ്ട് (പൊതുവിഭാഗം) ത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.

വികസന ഫണ്ട് (എസ്.സി.പി) 1009599

വികസന ഫണ്ട് (ടി.എസ്.പി) 652293

13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് 834591

പെർഫോർമൻസ് ഗ്രാന്റ് 3781719

ആകെ 6278202

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 277 | 69197341 | 204 | 51158748 | 15 | 54 | 75.00 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5514059 | 3422410 | (-) 2091649 | (-) 37.93 % |
| നികുതിയേതര വരവുകൾ | 1832196 | 460378 | (-) 1371818 | (-) 74.87 % |
| മറ്റുവരവുകൾ | 71147 | 208950 | (+)137803 | (+) 193.69 % |
| ആകെ | 7417402 | 4091738 | (-) 3325664 | (-) 44.83 % |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 620520 | 362 |
| കർഷകതൊഴിലാളി പെൻഷൻ | 3335430 | 433 |
| വിധവാപെൻഷൻ | 14064680 | 1469 |
| വാർദ്ധക്യകാലപെൻഷൻ | 11532450 | 1530 |
| വികലാംഗപെൻഷൻ | 3862605 | 435 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 180000 | 6 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 337680 | 39 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

കളക്ഷൻ തുക അന്നേ ദിവസം അക്കൗണ്ടിൽ അടവാക്കുന്നു. ആയതിനാൽ നീക്കിയരിപ്പൊന്നും അവശേഷിക്കുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമസഭാ സംഘാടനം

ഓരോ വർഷവും ഒക്ടോബർ മാസത്തോടെ അടുത്ത വർഷത്തെ ഗ്രാമസഭാ തീയതികൾ മുൻകൂട്ടി നിശ്ചയിക്കണമെന്നും, പൊതുസ്ഥലങ്ങളിലും, വാർത്താബോർഡുകളിലും പ്രദർശിപ്പിക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം (സർക്കുലർ നം. 22675/എൽ3/99/തസ്വഭവ. തിയ്യതി. 03/08/2004) പാലിക്കുന്നില്ല. പ്രസ്തുത സർക്കുലറിൽ വർഷത്തിൽ നിർബന്ധമായും 4 ഗ്രാമസഭകൾ ചേരേണ്ടതാണെന്നും ഓരോ ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭകൾ വിളിച്ച് ചേർക്കുന്നതിൽ ഈ നടപടിക്രമങ്ങൾ ഒന്നും പാലിക്കപ്പെടുന്നില്ല.

ഗുണഭോക്തൃ തെരെഞ്ഞെടുപ്പ്.

ഓരോ വാർഡിലും ലഭിച്ച അപേക്ഷകൾ പരിശോധന പൂർത്തിയാക്കി മുൻഗണനാക്രമം പാലിച്ച്

ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത് പ്രസിദ്ധീകരിച്ച് കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളുമെല്ലാം പൂർത്തിയാക്കി അന്തിമലിസ്റ്റ് തയ്യാറാക്കണം. ഈ ലിസ്റ്റാണ് പദ്ധതി അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി വാർഡ് അടിസ്ഥാനത്തിലുള്ള ഗുണഭോക്തൃലിസ്റ്റാണ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സുതാര്യത ഉറപ്പുവരുത്തേണ്ടത്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

എഗ്രിമെന്റ് രജിസ്റ്റർ

അസിസ്റ്റന്റ് എഞ്ചിനീയർ എഴുതി സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി രേഖപ്പെടുത്തുന്നില്ല.

ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തിയ്യതി, അംഗീകരിച്ച തിയ്യതി, ഭരണസമിതി തീരുമാനത്തിന്റെ നമ്പർ / തിയ്യതി, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ടി.ആർ.7എ- ക്യാഷ്ബുക്ക്.

ഹെഡ്മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ടി.ആർ.7എ- ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് - ഗ്രാമപഞ്ചായത്തിന് 900/- രൂപ നഷ്ടം.

2015-16 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിലൂടെ ഗ്രാമപഞ്ചായത്തിന് 900/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ലൈസൻസ് നമ്പർ/ തിയ്യതി | ഒരു ദിവസത്തെ വിറ്റുവരവ്/ യന്ത്രസാമഗ്രികളുടെ കുതിരശക്തി (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | മുഹമ്മദ് മൻസൂർ, പാണ്ടികശാല ഹൗസ് രാമനാട്ടുകര | 164/15-16 തി.27/06/2015 | 20,000 | 500 | 300/- | 200/- |
| 2 | മുഹമ്മദ് മൻസൂർ, പാണ്ടികശാല ഹൗസ് രാമനാട്ടുകര | 165/15-16 തി.27/06/2015 | 20,000 | 500 | 100/- | 400/- |
| 3 | അബ്ദുല്ലത്തീഫ്.പി.പി പുന്നപ്പാല ഹൗസ്, | 173/15-16 തി.17/06/2015 | 12,000 | 300/- | 200/- | 100/- |

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ലൈസൻസ് നമ്പർ/ തിയ്യതി | ഒരു ദിവസത്തെ വിറ്റുവരവ്/ യന്ത്രസാമഗ്രികളുടെ കുതിരശക്തി (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| | കുളിക്കൽ, മേപ്പാടം.പി.ഒ | | | | | |
| 4 | അബ്ദുൾ റഫീഖ്.കെ കിണറ്റിങ്ങൽ ഹൗസ് മമ്പാട്.പി.ഒ | 175/15-16 തി.08/06/2015 | 16,000 | 500/- | 300/- | 200/- |
| ആകെ | | | | 1800 | 900 | 900 |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 900/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 എഫ്.എ.ആർ അധികരിച്ചുള്ള നിർമ്മാണത്തിന് അധികഫീസ് ഈടാക്കിയില്ല - ഗ്രാമപഞ്ചായത്തിന് 53,360/- രൂപ നഷ്ടം.

ശ്രീമതി.സൂസൻരാജു, വെളുത്തമോടയിൽ ഹൗസ് , നടുവത്ത്.പി.ഒ, വണ്ടൂർ എന്നവർ നിലവിലുള്ള വാണിജ്യകെട്ടിടത്തിൽ 492.52 ച.മീ വിസ്തൃതിയിലുള്ള അധിക നിർമ്മാണത്തിന് പെർമിറ്റിന് അപേക്ഷിക്കുകയും, പഞ്ചായത്ത് 19.10.2015 തിയ്യതിയിൽ 3162/15(15) നമ്പർ പ്രകാരം നിർമ്മാണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷയുടെ കൂടെയുള്ള നിർദ്ദിഷ്ടപ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ (എക്സിസ്റ്റിംഗ്) | 159.73 ച.മീ. |
| ഫസ്റ്റ് ഫ്ലോർ (എക്സിസ്റ്റിംഗ്) | 198.22 ച.മീ. |
| സെക്കൻഡ് ഫ്ലോർ (പ്രൊപോസ്ഡ്) | 230.74 ച.മീ |
| തേർഡ് ഫ്ലോർ (പ്രൊപോസ്ഡ്) | 230.74 ച.മീ |
| സ്റ്റെയർ റൂം (പ്രൊപോസ്ഡ്) | 31.04 ച.മീ |
| ആകെ | 850.47 ച.മീ. |

നിർദ്ദിഷ്ട പ്ലാൻ അംഗീകരിച്ച് കൊണ്ട് നൽകിയ പെർമിറ്റിൽ ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവയിലെ നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം, കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന വാണിജ്യ/കച്ചവട വിനിയോഗ കെട്ടിടങ്ങൾക്ക് അനുവദനീയമായ എഫ്.എ.ആർ 1.75 ആണ്. (ചട്ടം 35,ടേബിൾ 2, ക്രമനമ്പർ 7) എന്നാൽ ഈ കെട്ടിടത്തിന്റെ എഫ്.എ.ആർ താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| പ്ലിന്ത് ഏരിയ | 850.47 ച.മീ. |
| പ്ലോട്ട് ഏരിയ | 425 ച.മീ. |

| | |
|---|---|
| FAR (പ്ലിന്ത് ഏരിയ/പ്ലോട്ട് ഏരിയ)-850.47/425 | 2.00 |
| കെ.പി.ബി.ആർ പ്രകാരം അനുവദനീയമായ FAR | 1.75 |
| അധികഫീസ് ഈടാക്കി അനുമതി നൽകാവുന്നത്. | 2.25 |
| പ്ലോട്ടിൽ (425 ച.മീ.) അധികഫീസ് കൂടാതെ അനുവദനീയമായ നിർമ്മാണം. | 743.75 ച.മീ. |
| പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. | 850.47 ച.മീ. |
| അധികം | 106.72 ച.മീ. |
| ഈടാക്കേണ്ട അധിക ഫീസ് (106.72 * 500 ) | 53360 രൂപ |

നഷ്ടം വന്ന തുക സാങ്കേതിക പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, പെർമിറ്റ് അനുവദിച്ച സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 2-3 ക്രമവിരുദ്ധമായി കെട്ടിടത്തിന് നമ്പർ അനുവദിച്ചു - വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

മമ്പാട് ഗ്രാമപഞ്ചായത്തിലെ വടപുറത്തെ ന്യൂ ലൈഫ് ഹോസ്പിറ്റൽ 1235.03 ച.മീറ്റർ തറവിസ്തീർണ്ണത്തിലുള്ള ആശുപത്രി കെട്ടിടനിർമ്മാണ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുകയും ഗ്രാമപഞ്ചായത്ത് ജില്ലാ ടൗൺ പ്ലാനറുടെ അംഗികാരത്തോടെ (ഉത്തരവ് നമ്പർ.എ3/1689/2014 കെ.ഡിസ്. തിയ്യതി: 24.10.2014) 12.11.2014 ന് A2-5416/14-15(52) നമ്പർ പ്രകാരം കെട്ടിടനിർമ്മാണ അനുമതി നൽകുകയും ചെയ്തു. നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പർ അനുവദിക്കുന്നതിന് കംപ്ലീറ്റഡ് പ്ലാൻ സഹിതം 29.05.2015 ന് ഇൻവാർഡ് നമ്പർ.3655 പ്രകാരം പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 1128.78 ച.മീ |
| ഫസ്റ്റ് ഫ്ലോർ | 1189.73 ച.മീ |
| ടെറസ്സ് ഫ്ലോർ | 37.44 ച.മീ |
| ആകെ | 2355.95 ച.മീ |

സാങ്കേതിക പരിശോധനക്ക് ശേഷം, പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ അളവുകൾ കൃത്യമാണ് എന്ന വിവരം 20.08.2015 ന് സെക്കൻഡ് ഗ്രേഡ് ഓവർസിയർ സാക്ഷ്യപ്പെടുത്തുകയും അസിസ്റ്റന്റ് എഞ്ചിനീയർ കൗണ്ടർ സൈൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 56(a) പ്രകാരം, മൊത്തം തറവിസ്തീർണ്ണം 2000 ച.മീറ്റർ കവിയുന്ന കെട്ടിടങ്ങളുടെ പ്ലോട്ട് ഉപയോഗത്തിന്റേയും ലേഔട്ടിന്റേയും അംഗീകാരം ചീഫ് ടൗൺ പ്ലാനറിൽ നിന്നും നേടേണ്ടതാണ്. ഈ നടപടിക്രമങ്ങൾ മറികടക്കുന്നതിനായി, അനുവദിച്ച പെർമിറ്റിന്റെ തറവിസ്തീർണ്ണത്തിൽ പരിമിതപ്പെടുത്തിക്കൊണ്ടുള്ള പ്ലാനും പുതിയ അപേക്ഷയും 03.09.2015 ന് സമർപ്പിക്കുകയും(ഇൻവാർഡ് നമ്പർ.6165) അന്നേ ദിവസം തന്നെ അസിസ്റ്റന്റ് എഞ്ചിനീയറുടേയും, വാർഡ് ക്ലർക്കിന്റേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തുനികുതി ചുമത്തി നമ്പർ അനുവദിക്കുകയും ചെയ്തു. (കെട്ടിടനമ്പറുകൾ: MP II/470 A, MP II/470 B). പുതുതായി സമർപ്പിച്ച കംപ്ലീറ്റഡ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 762.23 ച.മീ |
| ഫസ്റ്റ് ഫ്ലോർ | 442.76 ച.മീ |
| ടെറസ്സ് ഫ്ലോർ | 30.08 ച.മീ |
| ആകെ | 1235.07 ച.മീ |

മതിയായ നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ, യഥാർത്ഥ വസ്തുതകൾ മനപൂർവ്വം മറച്ച് വച്ച് കെട്ടിടനമ്പർ അനുവദിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് ക്രമവൽക്കരണ ഫീസ് ഇനത്തിലും, വസ്തുനികുതി ഇനത്തിലും നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

(1). ക്രമവത്ക്കരണഫീസിനത്തിലെ നഷ്ടം.

അനുവദിച്ച പെർമിറ്റിൽ നിന്നും അധികരിച്ചുള്ള നിർമ്മാണത്തിന് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കേണ്ടതായിരുന്നു. കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിൽ ഗ്രൂപ്പ് A1 ഒഴികെയുള്ള വിനിയോഗങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 5 രൂപ/ച.മീ ആണ് നിലവിലുള്ള പെർമിറ്റ് ഫീസ്. ഇത് പ്രകാരം 11209 രൂപ ഈടാക്കേണ്ടതായിരുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

പൂർത്തീകരിച്ച കെട്ടിടത്തിന്റെ തറവിസ്തീർണ്ണം - 2355.95 ച.മീ

പെർമിറ്റ് പ്രകാരമുള്ള തറവിസ്തീർണ്ണം - 1235.07 ച.മീ

അധികനിർമ്മാണം. - 1120.88 ച.മീ

ക്രമവൽക്കരണ ഫീസ് (1120.88 ച.മീ X 10 രൂപ) - 11209 രൂപ.

(2). വസ്തുനികുതി ഇനത്തിലുള്ള നഷ്ടം.

ആശുപത്രി കെട്ടിടങ്ങൾക്ക് 5 രൂപ/ച.മീറ്റർ ആണ് ഗ്രാമപഞ്ചായത്ത് അടിസ്ഥാന വസ്തുനികുതി നിരക്കായി തീരുമാനിച്ചിരിക്കുന്നത്. യഥാർത്ഥ തറവിസ്തീർണ്ണം കണക്കാക്കാതെ വസ്തുനികുതി നിർണ്ണയിച്ചതിലൂടെ ഗ്രാമപഞ്ചായത്തിന് 6726 രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. - 2355.95 ച.മീ

വസ്തുനികുതി നിർണ്ണയിച്ചത് - 1235.07 ച.മീ

കുറവ് - 1120.88 ച.മീ

അടിസ്ഥാനവസ്തുനികുതി (1120.88 X 5) - 5605 രൂപ.

വർദ്ധനവ് (റോഡ് - 20%) - 1121 രൂപ.

ആകെ - 6726 രൂപ.

ലൈബ്രറി സെസ് - 337 രൂപ.

നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ യഥാർത്ഥ പ്ലാനും, വസ്തുതകൾ മറച്ച് വച്ച് കൊണ്ടുള്ള പ്ലാനും തയ്യാറാക്കിയിരിക്കുന്നത് ഒരേ എഞ്ചിനീയറാണ്. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 144 (3) പ്രകാരം പ്ലാനുകളും, ഡ്രോയിംഗുകളും സൈറ്റ് പരിശോധന നടത്തി മാത്രം തയ്യാറാക്കേണ്ടതാണ്.

കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് വസ്തുനികുതി ചുമത്തി കെട്ടിടനമ്പർ അനുവദിച്ച് ബോധപൂർവ്വം പഞ്ചായത്തിന് നഷ്ടം വരുത്തിയവർക്കെതിരെ വിശദമായ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.നിർമ്മിച്ച കെട്ടിടത്തിന് ചീഫ് ടൌൺ പ്ലാനറുടെ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. പെർമ്മിറ്റ് ഫീ ഇനത്തിലും വസ്തു നികുതിയിനത്തിലും നഷ്ടം വന്ന തുക ആകെ 17935 രൂപയും ഗ്രന്ഥശാലാവരി 337 രൂപയും നഷ്ടത്തിന് ഉത്തരവാധിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 കെ.പി.ബി.ആർ - കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിലെ പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ, താഴെ പറയുന്ന അപേക്ഷകൾ പ്രകാരം അനുവദിച്ച കെട്ടിടനിർമ്മാണ പെർമിറ്റുകളിൽ താഴെ പറയുന്ന പ്രകാരമുള്ള

അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും. | പെർമിറ്റ് നമ്പർ/ തിയ്യതി | അപാകത |
|---|---|---|---|
| 1 | ശ്രീ.ത്രമതി.എം.കെ മധുരക്കറിയൻ ഹൌസ്, തോട്ടിന്റക്കര | 5107/15-16(45) തി. 19/08/2015 | അപേക്ഷ പ്ലാൻ എന്നിവ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 207.48 ച.മീറ്റർ ആണെങ്കിലും പെർമിറ്റ് അനുവദിച്ചിട്ടുള്ളത് 328.16 ച.മീറ്റർ നിർമ്മാണത്തിനാണ്. |
| 2 | ശ്രീ.ഹുസൈൻ.വി, വലിയതൊടി ഹൗസ്, വടപുറം | 8562/15-16(93) തി. 09/12/2015 | 139.71 ച.മീറ്ററുള്ള വാസഗൃഹകെട്ടിടനിർമ്മാണത്തിനാണ് അപേക്ഷിച്ചിട്ടുള്ളത്. എന്നാൽ അനുവദിച്ചിട്ടുള്ള പെർമിറ്റിൽ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി അടവാക്കിയില്ല

2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം | സ്ഥാപനം/ ജീവനക്കാർ |
|---|---|---|---|
| 1 | മൂത്തൂറ്റ് ഫിൻകോർപ്പ് മമ്പാട് | രണ്ടാം അർദ്ധ വർഷം | സ്ഥാപനം |
| 2 | ന്യൂ ലൈഫ് ഹോസ്പിറ്റൽ വടപുറം | രണ്ടാം അർദ്ധ വർഷം | സ്ഥാപനം |
| 3 | എം.ഇ.എസ്. ആർട്സ് ആന്റ് സയൻസ് കോളേജ് മമ്പാട് | രണ്ടാം അർദ്ധ വർഷം | ജീവനക്കാർ |
| 4 | മർഡേക്ക് ആർ. കെ ലാറ്റക്സ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ | സ്ഥാപനം |

തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ.

1996 ൽ നിർമ്മിച്ച ഒന്നാം ബ്ലോക്കും 2005 ൽ നിർമ്മിച്ച രണ്ടാം ബ്ലോക്കും ചേർത്ത് ഗ്രാമപഞ്ചായത്തിന്റെ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 18 മുറികളുണ്ട്. 01-12-2011 മുതൽ രണ്ടുമുറികൾ മാവേലി സ്റ്റോറിന് നൽകിയതൊഴിച്ചാൽ ബാക്കിയുള്ളവയെല്ലാം വർഷങ്ങളായി ഒഴിഞ്ഞുകിടക്കുകയായിരുന്നു. എന്നാൽ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 18-01-2016 ലെ 7-ാം നമ്പർ തീരുമാനപ്രകാരം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സ്ഥലസൗകര്യം നൽകാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 11-03-2016 ന് കെട്ടിട നം. 188 മുതൽ 203 വരെയുള്ള 16 മുറികൾ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് താത്കാലികമായി അനുവദിച്ചിട്ടുണ്ട്.എന്നാൽ ഈ മുറികൾക്ക് വാടക നിജപ്പെടുത്തുകയോ കരാർ വയ്ക്കുകയോ ചെയ്തിട്ടില്ല.

സർക്കുലർ നം. 28758/ഡിബി2/10/തസ്വഭവ/15.10.2010 അനുസരിച്ച് ഗ്രാമപഞ്ചായത്തുകളുടെ വാടക മുറികളോ മാർക്കറ്റ് സ്റ്റാളുകളോ ലേലം ചെയ്തോ മറ്റ് വിധത്തിലോ വാടകക്കോ പാട്ടത്തിനോ നൽകുന്നതു

സംബന്ധിച്ച കരാറുകൾ കേരള സ്റ്റാമ്പ് ആക്റ്റിലെ പട്ടികയിലെ എൻട്രി 5 (ഡി) പ്രകാരം 100 രൂപ മൂല്യമുള്ള മുദ്രപ്പത്രത്തിൽ ചമയ്ക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ യാതൊരുവിധ കരാറും വയ്ക്കാതെയാണ് മുറികൾ നൽകിയിരിക്കുന്നത്.

ലഭ്യമായ ഡിമാന്റ് രജിസ്റ്റർ പ്രകാരം 01-12-2011 മുതൽ ഓഡിറ്റ് കാലയളവുവരെ രണ്ടു മുറികൾക്കും കൂടി 3433/- രൂപയാണ് മാസവാടകയായി മാവേലിസ്റ്റോറിൽ നിന്നും ഈടാക്കുന്നത്. വാർഷിക വർദ്ധനവ് ഒന്നും തന്നെയില്ല.

ശരിയായ ആസൂത്രണത്തോടെ യഥാകാലങ്ങളിൽ മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാലും വാടക സംബന്ധിച്ച ബൈലോ അനുസരിച്ച് വാടകയും വാർഷിക വർദ്ധനവും ഈടാക്കാത്തതിനാലും ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന് വൻ നഷ്ടം വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-7 വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമ പഞ്ചായത്തിന് 2743/- രൂപ നഷ്ടം.

വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 40 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത് (10.01.2012 ലെ 8 ാം നമ്പർ തീരുമാനം). എന്നാൽ ശ്രീ.ഷാജു ജോസഫ്, തോന്നക്കര ഹൗസ്, വടപുറം.പി.ഒ എന്നവരുടെ 72.64 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വ്യവസായ കെട്ടിടത്തിന് 30.07.2015 ന് 10 രൂപ/ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 2743/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | MP III/400 C |
| തറവിസ്തീർണ്ണം | 72.64 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 / ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (72.64 * 40) | 2906 രൂപ |
| (+) വർദ്ധനവ് - (റോഡ് – 20% ) | 582 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 3488 രൂപ |
| ഈടാക്കിയ വസ്തുനികുതി | 876 രൂപ. |
| വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 2612 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (3488 * 5%) | 175 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 44 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 131 രൂപ. |
| ആകെ നഷ്ടം (2612 + 131 ) | 2743 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 2743 രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്രമപ്രകാരമല്ലാതെ പഞ്ചായത്ത് വാഹനത്തിന്റെ ടയർ മാറ്റിയത്

വൗച്ചർ നം.21500767/25.02.16---28400

പി.ഡബ്ലിയു.ഡി.മെക്കാനിക്കൽ,അസി.എക്സി.എഞ്ചിനീയറുടെ,07.12.15 ലെ നം.ഡി2/9004/പി.ടി പ്രകാരമുള്ള എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം 2 ടയർ മാറ്റി ,പുതിയത് വാങ്ങാനാണ്,ശുപാർശ ചെയ്തിട്ടുള്ളത്.എന്നാൽ ഇതിനു വിരുദ്ധമായി,4 ടയറുകൾ മാറ്റി വാങ്ങിയതായി കാണുന്നു.നിലമ്പൂർ ടയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു ടയറിന് 7100 രൂപ പ്രകാരം 4 എണ്ണത്തിന് 28400 രൂപ നൽകിയിട്ടുണ്ട്.പി.ഡബ്ലിയു.ഡി,മെക്കാനിക്കൽ എഞ്ചിനീയറുടെ സാക്ഷ്യപത്രം പരിഗണിക്കാത്തതിന് കാരണം ബോധിപ്പിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.14/23.12.16)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.14200 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല.

വൗച്ചർ നം.21500994/30.03.16—230094

സർക്കുലർ നം.10088/എൽ3/05/തസ്വഭവ 20.09.15 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ, ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം.ആദ്യ ഗഡു ഏപ്രിൽ 30 ന് അകവും,രണ്ടാം ഗഡു നവംബർ 30 ന് അകവും അടവാക്കണം.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ സെസ്സ് അടവാക്കുന്നതിൽ ഈ മാർഗ്ഗ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. 2014-15 ൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് 31.03.16 ൽ മാത്രമാണ്,കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയത്.(ഡി.ഡി.നം.912282/30.03.16ലൈബ്രറി സെസ്സ് അടവാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 3-3 സാക്ഷരതാ പ്രേരകുമാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത്- ക്രമീകരണവിവരമില്ല.

2015-16 വർഷത്തിൽ,സാക്ഷരതാ പ്രേരകുമാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം,ടി.എ,എന്നിവ അനുവദിച്ചിട്ടുണ്ട്.സാക്ഷരതാ ഫണ്ട് ലഭ്യമല്ലാത്തതിനാലും,ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കാമെന്ന വ്യവസ്ഥയിലുമാണ്,തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്.വിശദവിവരം താഴെ ചേർക്കുന്നു.

| പ്രേരകിന്റെ പേര് | വൗച്ചർ നം.തീയതി | തുക |
|---|---|---|
| ശ്രീദേവി.എം.കെ.(ഇളമ്പുഴ,തുടർവിദ്യാകേന്ദ്രം) | 21500083/25.05.15 | 8700 |
| | 21500184/09.07.15 | 2900 |
| | 21500315/08.09.15 | 10400 |
| | 21500504/01.12.15 | 6100 |
| | 21500776/25.02.16 | 8700 |
| ലില്ലിക്കുട്ടി(തൃക്കൈക്കുത്ത് തുടർവിദ്യാകേന്ദ്രം) | 21500084/25.05.15 | 8700 |
| | 21500185/09.07.15 | 2900 |
| | 21500316/08.09.15 | 10400 |
| | 21500505/01.12.15 | 6100 |
| | 21500777/25.02.16 | 8700 |
| ആകെ | | 73600 |

തുക ക്രമീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 തെരുവു വിളക്കുകൾ സ്ഥാപിക്കൽ-പൂർത്തീകരണ സാക്ഷ്യപത്രമില്ല.

പഞ്ചായത്തിൽ 2015-16 വർഷത്തിൽ തെരുവു വിളക്കുകളുടെ റിപ്പയറും സ്ഥാപിക്കലുമായി താഴെപ്പറയുന്ന പ്രൊജക്ടുകൾ ചെയ്തിട്ടുണ്ട്.രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവിന്റെ വിശദവിവരം | റിമാർക്സ് |
|---|---|---|
| പ്രൊജക്ട് നം.171/16-തെരുവു വിളക്കുകള് സ്ഥാപിക്കൽ | വൗച്ചർ നം.21500356/29.09.15—345839(ക്രൂസ്,കാസർകോട്) | 220 സി.എഫ് എൽ വിളക്കുകൾ സ്ഥാപിക്കുന്നതാണ് പ്രൊജക്ട്.കെ.എസ്.ഇ.ബി യിലേക്ക് സൂപ്പർ വിഷൻ ചാർജ് അടവാക്കിയതിന്റെയും,തെരുവു വിളക്കുകൾ സ്ഥാപിച്ചതിന് സർട്ടിഫിക്കറ്റ് നൽകിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. |
| പ്രൊജക്ട് നം.222/16-തെരുവു വിളക്ക് റിപ്പയർ | വൗച്ചർ നം.21500612/08.01.16—119925<br>ഡിഡി.നം-912753/6.4.16—107575<br>ഡിഡി.നം-912751/06.04.16—12350<br>ആകെ----239850 രൂപ<br>(ഹൈടെക്ക് ഇലക്ട്രോണിക്സ്,എടവണ്ണ) | 19 വാർഡുകളിലുമുള്ള 369 വിളക്കുകൾ സ്ഥാപിക്കുന്നതാണ് പ്രൊജക്ട്.കെ.എസ്.ഇ.ബി യിലേക്ക് സൂപ്പർ വിഷൻ ചാർജ് അടവാക്കിയതിന്റെയും,തെരുവു വിളക്കുകൾ സ്ഥാപിച്ചതിന് സർട്ടിഫിക്കറ്റ് നൽകിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. |

രേഖകൾ ഹാജരാക്കുകയോ,വിശദീകരണം നൽകുകയോ ചെയ്യേണ്ടതാണ്.ചെലവു തുക 585689 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 ശുചിത്വമിഷൻ ഗ്രാന്റ്--വിനിയോഗ വിവരമില്ല.

വൗച്ചർ നം.21500172/09.07.15—170000

മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം,17 വാർഡുകൾക്ക് 10000 രൂപ വീതം ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നതിന്,പി.എച്ച്.സി.മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല..ചെലവു തുക 170000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 10-ാം തരം തുല്യതാ പരിപാടി-രേഖകൾ ഹാജരാക്കിയില്ല.

പ്രൊജക്ട്.നം.195/16

ഡി.ഡി.നം.950910/29.02.16—96000

നിർവ്വഹണം--എച്ച്.എം,ജി.എൽ.പി.എസ്.

മേൽപ്പറഞ്ഞ പ്രകാരം,ഒരാൾക്ക് 1500 രൂപ പ്രകാരം,64 പേർക്ക് 96000 രൂപ പരീക്ഷാഫീസ്,കോഴ്സ് ഫീസ് എന്നിവക്കായി,സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്.ഗുണഭോക്താക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.തുക സാക്ഷരതാമിഷന് നൽകിയതിന്റെ വിവരം മാത്രമേ

ഫയലിലുള്ളു.സർക്കുലർ നം 48360/എഫ്.എം-1/2009/തസ്വഭവ.06.10.09 പ്രകാരം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ കോഴ്സ്ഫീ, പരീക്ഷാ ഫീ എന്നിവ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുമെന്നതിനാൽ, തദ്ദേശഭരണസ്ഥാപനം നൽകേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ പട്ടികജാതി പട്ടിക വർഗ്ഗ വാഭാഗത്തിൽപ്പെട്ടവരല്ല എന്ന് തെളിയിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 96000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാഭ്യാസമേഖലയിൽ പണം ചെലവഴിച്ചു.

ജി.ഒ.(എം.എസ്)362/2013/തസ്വഭവ തീ.16.11.13 പ്രകാരം, പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, പഠനനിലവാരം ഉയർത്തുന്നതിനുമുള്ള നിരവധി പരിപാടികൾ എസ്.എസ്.എ. നടപ്പിലാക്കി വരുന്നതിനാൽ, അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ. പ്രൊജക്ടിൽ ഉൾപ്പെടുത്തിയാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഹോണറേറിയമോ, വേതനമോ, കൂടാതെ സന്നദ്ധമനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവതീയുവാക്കൾ എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാവുന്നതാണ്.സന്നദ്ധ പ്രവർത്തനം സ്വരൂപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു ട്യൂഷൻ സെന്ററിന് ഒരു വർഷത്തിൽ 3000 രൂപ എന്ന പരിധിക്ക് വിധേയമായി വികസനഫണ്ട് ചെലവഴിക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠനസാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങളാകയാൽ, ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ സർക്കാരിൽ നിന്നും അനുമതി വാങ്ങിച്ചിരിക്കേണ്ടതാണ്.

എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ, വിജയഭേരി പദ്ധതിക്കായി (പ്രൊജക്ട് നം.196/16) താഴെപ്പറയും പ്രകാരം പണം ചെലവഴിച്ചതായി കാണുന്നു.

| ബിൽ നം/തീയതി | ചെലവിന്റെ വിശദവിവരം | റിമാർക്സ് |
|---|---|---|
| ചെക്ക് നം.1906406/10.09.15—30400(തനതുഫണ്ട്) | മഴവില്ല് പ്രവർത്തന പുസ്തകം 2-ാം ക്ലാസ്സ്-(509എണ്ണം)<br>മിന്നാമിന്നി 4ാം ക്ലാസ്സ്--(577 എണ്ണം)<br>ചെലവ്--30400 രൂപ | 15-16 വർഷത്തിൽ എസ്.എസ്.എ വിഹിതമായി 1900000 രൂപ അനുവദിച്ചിട്ടുണ്ട്.എസ്.എസ്.എ യുടെ അനുപൂരക പ്രൊജക്ടായല്ല,നിർവ്വഹണം നടത്തിയിട്ടുള്ളത്. |
| ചെക്ക് നം1906410/28.10. 15-- 35250 (തനതുഫണ്ട്) | സ്ലേറ്റ് 1ാം ക്ലാസ്സ്(496 എണ്ണം)<br>അഡീഷണൽ വർക്ക് ഷീറ്റ് 209 സെറ്റ് | |
| ചെക്ക് നം.4489082/21.03.16 —34000 (തനതുഫണ്ട്) | ഭക്ഷണം,സ്റ്റേഷനറി,മറ്റ് ചെലവുകൾ | |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി, പദ്ധതി നടപ്പിലാക്കാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## **3-8** ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്--സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.

പ്രൊജക്ട്.നം.166/16

ബിൽ നം.1/15-16/19.09.15—1020300

ബിൽ നം.7/15-16/29,03.16—3000

നിർവ്വഹണം--ഹെഡ് മാസ്റ്റർ

മേൽപ്പറഞ്ഞ പ്രൊജക്ടിലൂടെ,വിവിധ സ്കൂളുകളിൽ നിന്നുള്ള 120 വിദ്യാർത്ഥികൾക്ക്,സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.ജി.ഒ(എം.എസ്)362/13 തസ്വഭവ.തീ.16.11.13 പ്രകാരം,ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പ്രൊജക്ട്, എല്ലാ ഗ്രാമ പഞ്ചായത്തുകളും,നഗരസഭകളും ഏറ്റെടുക്കേണ്ടതാണെന്നും,ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ, ഇതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം, 50:25:25 അനുപാതത്തിൽ വകയിരുത്തണമെന്നും, വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ മുഴുവൻ ഫണ്ടും പഞ്ചായത്ത് വഹിച്ചതായി കാണുന്നു.സർക്കാർ നിർദ്ദേശം പാലിച്ച് പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഭക്ഷ്യധാന്യങ്ങൾ വാങ്ങൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പ്രൊജക്ട്.നം.65/16

നിർവ്വഹണം---ഐ.സി.ഡി.എസ്.സൂപ്പർവൈസർസർ

സർക്കുലർ നം.54814/ഡി.സി2/10/തസ്വഭവ.തീ.04.05.11 പ്രകാരം, അംഗനവാടികളിലേക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണകേന്ദ്രങ്ങളായ മാവേലി സ്റ്റോർ,ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നും വാങ്ങാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മമ്പാട് ഗ്രാമ പഞ്ചായത്തിൽഅനുപൂരക പോഷകാഹാര പരിപാടി സംബന്ധിച്ച ഭക്ഷ്യധാന്യങ്ങൾ,മമ്പാട് സർവ്വീസ് സഹകരണ ബാങ്ക് സ്റ്റോറിൽ നിന്നുമാണ് ഓഡിറ്റ് വർഷത്തിൽ വാങ്ങിയിട്ടുള്ളത്.പഞ്ചായത്തിൽ മാവേലി സ്റ്റോർ 11-12 മുതൽ പ്രവർത്തിച്ച വരുന്നു.മാവേലി സ്റ്റോറിലെ വിലയുമായി താരതമ്യം ചെയ്തതായോ,പ്രസ്തുത സ്റ്റോറിൽ നിന്നും വാങ്ങുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്തതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 അംഗനവാടികൾക്ക് ഭക്ഷ്യധാന്യ സംഭരണി--സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.

പ്രോജക്ട് നം.76/16

ഡി.ഡി.നം.951863/28.01.16--215074

നിർവ്വഹണം--ഐ.സി.ഡി.എസ്.സൂപ്പർവൈസർ

സർക്കുലർ നം.31852/ഡിസി2/10/തസ്വഭവ തീ.11.08.10 –പ്രകാരം അംഗനവാടികളിൽ ഭക്ഷ്യധാന്യങ്ങൾ കേടു കൂടാതെ സൂക്ഷിക്കുന്നതിന് ധാന്യപ്പെട്ടികൾ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു.ഇതിനായി 3 തരത്തിലുള്ള പെട്ടികളുടെ വിലയും,സ്പെസിഫിക്കേഷനും വ്യക്തമാക്കുകയും,ഇവയിൽ അനുയോജ്യമായത് സിഡ്കോ സെയിൽസ് എംപോറിയത്തിൽ നിന്നും വാങ്ങാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.പെട്ടികളുടെ വിലയും,സ്പെസിഫിക്കേഷനും താഴെ ചേർക്കുന്നു.

| ക്രമ നം. | സ്പെസിഫിക്കേഷൻ | വില |
|---|---|---|
| 1 | 3'x4' സ്റ്റിഫ്നസ്സ് 20 ഗേജ്(വിത്ത് ലിഡ് ഷീറ്റ് ജി.ഐ) | 4050( വാറ്റ്,ഡെലിവറി ചാർജ് അടക്കം 4661) |

| ക്രമ നം. | സ്പെസിഫിക്കേഷൻ | വില |
|---|---|---|
| 2 | 3'x4' സ്റ്റിഫ്നസ്സ് 22ഗേജ്(വിത്ത് ലിഡ ഷീറ്റ് ജി.ഐ) | 3472(വാറ്റ്,ഡെലിവറി ചാർജ് അടക്കം 4010) |
| 3 | 3'x4' സ്റ്റിഫ്നസ്സ് 22ഗേജ്(വിത്ത് ലിഡ് &ആംഗിൾ ഫ്രെയിം ഷീറ്റ് ജി.ഐ) | 5050(വാറ്റ്,ഡെലിവറി ചാർജ് അടക്കം 5687) |

പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. മേൽപ്പറഞ്ഞ സർക്കുലർ പ്രകാരം സിഡ്കോയിൽ നിന്നുമാണ് പെട്ടികൾ വാങ്ങാവുന്നത്. എന്നാൽ ടെണ്ടർ ക്ഷണിച്ച്, ഫിഡ്കോ എന്റർപ്രൈസസിൽ നിന്നുമാണ്, പെട്ടികൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ, ഫിഡ്കോയെക്കാൾ, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രണ്ടു സ്ഥാപനങ്ങൾ വേറെ ഉണ്ടായിരുന്നെങ്കിലും, പരിഗണിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു. പർച്ചേഴ്സിങ് കമ്മിറ്റി മിനിട്സ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| സ്ഥാപനം | സ്പെസിഫിക്കേഷൻ | വില |
|---|---|---|
| ഫിഡ്കോ , എന്റർപ്രൈസസ്,ഒളവണ്ണ | 18 ഗേജ്,ജി.ഐ.ഷീറ്റ് 120x60x75 | 6401(വാറ്റ് ഇല്ലാതെ) വാറ്റ് അടക്കം-6721) |
| കോസ്റ്റൽ ഫർണിച്ചർ,കടലുണ്ടി | 18 ഗേജ്,ജി.ഐ.ഷീറ്റ് 120x60x75 | 5880 |
| അനുഗ്രഹ മെറ്റൽസ്,തേഞ്ഞിപ്പലം | 18 ഗേജ് | 5415 |
| | 20 ഗേജ് | 5156 |
| | 22ഗേജ് | 4813 |

സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഏറ്റവും കൂടിയ വിലയുള്ള പെട്ടി വാങ്ങിയാലും 5687x32=181984 രൂപയേ വരുന്നുള്ളൂ. 33090(215074--181984)രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിനുണ്ടായ നഷ്ടം 33090 രൂപ ഉത്തരവാധിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-11 ആശ്രയ പദ്ധതി

2007-2008 മുതൽ 2009-2010 വരെയുള്ള കാലയളവിലേക്കായി ആസൂത്രണം ചെയ്ത പദ്ധതി, മുഴവൻ അടിസ്ഥാന അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാതെ അവസാനിച്ചതായി കാണുന്നു.10-11ൽ പുനപ്പരിശോധനക്ക് ശേഷമുള്ള പദ്ധതിക്ക് ശേഷവും, അക്കൗണ്ടിൽ ഭീമമായ തുക അവശേഷിക്കുന്നുണ്ട്. പദ്ധതിയിൽ നിന്നുള്ള അവസാന ചെലവ് 01.02.13 നാണ് നടന്നത് എന്നു കാണുന്നു.പിന്നീട് ചെലവുകളൊന്നും നടന്നിട്ടില്ല. 01.11.16 ന് അക്കൗണ്ടിൽ(അക്കൗണ്ട് നം.8789,കെ.ജി.ബി,മമ്പാട്), 2240592 രൂപ നീക്കിയിരിപ്പുണ്ട്.ഈ തുക ചെലവഴിക്കുന്നതിനായി,തുടർസേവന പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും,ഓഡിറ്റ് തീയതി വരെ അംഗീകാരം ലഭിച്ച് , നടപ്പിലാക്കിയിട്ടില്ല.പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.45 ലക്ഷം പദ്ധതിക്കായി ലഭിച്ച് (ഗ്രാ.പ.വിഹിതം--30 ലക്ഷം, ചലഞ്ച് ഫണ്ട് 15 ലക്ഷം) 2842000 രൂപ ചെലവഴിക്കുകയും ചെയ്തു, പദ്ധതിയുടെ ഒന്നാം ഘട്ടം കൊണ്ടുണ്ടായ ഭൗതിക നേട്ടം താഴെ ചേർക്കുന്നു.ആകെ ഗുണഭോക്താക്കൾ 78

| ഇനം | പ്രൊജക്ട് പ്രകാരം ആവശ്യമുള്ള ഗുണഭോക്താക്കൾ | ഗുണം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| പ്രൊജക്ടു പ്രകാരം വീട് ആവശ്യമുള്ളവർ | 57 | 44 |

| | | |
|---|---|---|
| സ്ഥലം ആവശ്യമുള്ളവർ | 24 | 14 |
| വീട് റിപ്പയർ | 21 | 19 |

സമൂഹത്തിലെ ഏറ്റവും ദരിദ്രരും,നിരാലംബരുമായ ഗുണഭോക്താക്കളുടെ,അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിർവ്വഹിക്കപ്പെടാതിരിക്കുന്നത്,പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്.അല്ലാത്ത പക്ഷം ബാലൻസ് തുക ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-12 കോൺക്രീറ്റ് റോഡ് നിർമ്മാണം അപാകതകൾ.

1).തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയറുടെ 16/10/2012 ലെ ഡി.ബി.4/7462/2012സി.ഇ നമ്പരായുള്ള കത്ത് അനുസരിച്ച് റോഡ്നിർമ്മാണ പ്രവൃത്തികളിൽ റോഡിന്റെ വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ മണ്ണിന്റെ ഘടനയനുസരിച്ച് സബ് ഗ്രേഡ് ബലപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മമ്പാട് ഗ്രാമപഞ്ചായത്തിൽ 2015-16വർഷത്തിൽ നടപ്പാക്കിയ റോഡ്കോൺക്രീറ്റ് പ്രവൃത്തികളിൽ എല്ലാം തന്നെ റോഡ് പ്രവൃത്തി ചെയ്യുന്ന ഭാഗത്ത് പൂർണ്ണമായും സ്റ്റോൺ അഗ്രഗേറ്റ്, ക്വാറിഡസ്റ്റ് എന്നിവ ഉപയോഗിച്ച് ഗ്രാനലാർ സബ് ബേസ് തയ്യാറാക്കുന്നുണ്ട്. ഈ ഇനത്തിൽ വൻതുക ഓരോ പ്രവൃത്തിയിലും ചെലവാകുന്നുണ്ട്. മമ്പാട് ഗ്രാമ പഞ്ചായത്തിൽ പൊതുവെ ഉറപ്പുള്ള മണ്ണാണ് ഉള്ളത്. മണ്ണിന്റെ ഉറപ്പു കുറഞ്ഞ ഭാഗത്ത് മാത്രമെ സബ് ഗ്രേഡ് ബലപ്പെടുത്തേണ്ടതുള്ളൂ എന്നിരിക്കെ മണ്ണിന്റെഘടന പരിഗണിക്കാതെ ആവശ്യമില്ലാത്ത സ്ഥലങ്ങളിലും സ്റ്റോൺ അഗ്രഗേറ്റ്, ക്വാറിഡസ്റ്റ് എന്നിവ ഉപയോഗിക്കുന്നതുമൂലം അധികച്ചെലവ് ഉണ്ടായതായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. അത്യാവശ്യമുള്ള ഭാഗത്ത് മാത്രമായി ഇവയുടെ ഉപയോഗം പരിമിതപ്പെടുത്തേണ്ടതാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം | പ്രവൃത്തിയുടെ വിവരം | ഗ്രാനലാർ സബ് ബേസ് നീളം | റോഡ് കോൺക്രീറ്റിംഗ് നീളം |
|---|---|---|---|
| 4/16 | ചാമക്കുന്ന് സി.എൻ.ജിറോഡ് കോൺക്രീറ്റിംഗ് | 45മീറ്റർ | 45മീറ്റർ |
| 228/16 | തണ്ണിക്കുഴി എസ്സ്.റ്റി കോളനി സുബ്രഹ്മണ്യൻ റോഡ് | 100മീറ്റർ | 100മീറ്റർ |
| 92/16 | ചെറുനെല്ല് എസ്സ്.സി.കോളനി റോഡ്കോൺക്രീറ്റ് | 43മീറ്റർ | 43മീറ്റർ |
| 2/16 | ചിത്രവിഹാർറോഡ് കോൺക്രീറ്റിംഗ് | 46മീറ്റർ | 46മീറ്റർ |
| 58/16 | കട്ടപ്പാറബെസ്റ്റ് സ്കൂൾ റോഡ് കോൺക്രീറ്റിംഗ് | 46മീറ്റർ | 46മീറ്റർ |
| 104/16 | പള്ളിക്കുന്ന് എസ്സ്.സി കോളനി റോഡ് കോൺക്രീറ്റിംഗ് | 48മീറ്റർ | 48മീറ്റർ |
| 6/16 | പനയംകുന്ന് കുപ്പനത്ത് മുഹമ്മദാലി റോഡ് | 58മീറ്റർ | 58മീറ്റർ |
| 101/16 | തെയ്യത്തും കുന്ന്എസ്സ് സി കോളനിറോഡ് | 46മീറ്റർ | 46മീറ്റർ |
| 258/16 | താളിപ്പൊയിൽ കുരങ്ങൻ പൊയിൽ റോഡ്കോൺക്രീറ്റിംഗ് | 48മീറ്റർ | 48മീറ്റർ |

| പ്രോ.നം | പ്രവൃത്തിയുടെ വിവരം | ഗ്രാനുലാർ സബ് ബേസ് നീളം | റോഡ് കോൺക്രീറ്റിംഗ് നീളം |
|---|---|---|---|
| 284/16 | താളിപ്പൊയിൽ പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് | 40മീറ്റർ | 40മീറ്റർ |

2).റോഡ് കോൺക്രീറ്റിംഗ് ആവശ്യമുള്ളതിനെക്കാൾ കൂടുതൽ കനത്തിൽ ചെയ്തത് വഴി അധികച്ചെലവ്.

മമ്പാട് ഗ്രാമപഞ്ചായത്തിൽ കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചപ്പോൾ 1:4:8 അനുപാതത്തിൽ 40എം.എം.മെറ്റൽ ഉപയോഗിച്ച്10സെ.മി.കനത്തിലും 1:2:4അനുപാതത്തിൽ20എം.എം. മെറ്റൽ ഉപയോഗിച്ച് 10സെ.മി. കനത്തിലും കോൺക്രീറ്റിംഗ് നടത്തിയതായിക്കാണുന്നു. 1:4:8അനുപാതത്തിൽ 40എം.എം മെറ്റൽ ഉപയോഗിച്ച് 10സെ.മി. കനത്തിൽ കോൺക്രീറ്റ് ചെയ്ത ശേഷം 1:2:4അനുപാതത്തിൽ 20എം.എം.മെറ്റൽ ഉപയോഗിച്ച് 5സെ.മി.കനത്തിൽ ചെയ്താൽ തന്നെ ആവശ്യത്തിന് ഉറപ്പും കട്ടിയും ലഭിക്കുന്നതാണ്. തികച്ചുംഗ്രാമീണ റോഡുകൾ /നടപ്പാതകൾ ആയതിനാൽ ഭാരമേറിയ വാഹനങ്ങൾ കടന്നു പോകാൻ സാദ്ധ്യത കുറവായതിനാൽ അധികം കനത്തിൽ റോഡ്കോൺക്രീറ്റിംഗ് പ്രവൃത്തി ചെയ്തതുവഴി ഗ്രാമപഞ്ചായത്തിന് അധികച്ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ്എഞ്ചിനിയറുടെ 28/9/2015 ലെ നം.ഡി.ബി.4/9099/2015/സി.ഇ./തസ്വഭവ കത്ത് (കോഴിക്കോട് കോർപ്പറേഷന് അയച്ചത്) പ്രകാരം നടപ്പാതകൾക്ക് 1:4:8 അനുപാതത്തിൽ10 സെ.മി കനത്തിലും 1:2:4 അനുപാതത്തിൽ 5സെ.മി.കനത്തിലും കോൺക്രീറ്റിംഗ് നടത്തിയാൽ മതി എന്നും വാഹനഗതാഗതം കൂടുതൽ ഉള്ള നടപ്പാതകൾക്ക്സബ് ഗ്രേഡിന്റെ ഉറപ്പുകൂടി പരിഗണിച്ച് 1:2:4 അനുപാതത്തിലുള്ളകോൺക്രീറ്റ്5മുതൽ 7.5 സെ.മി കനത്തിലും ചെയ്യാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അധികകനത്തിൽ കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ്നം | പ്രവൃത്തി | 1:2:4 ccകനം |
|---|---|---|
| 3/16 | മേലേതിൽബഷീർ നടപ്പാതകോൺക്രീറ്റിംഗ് | 10cm |
| 53/16 | മാങ്ങാട് ഫുട്പാത്ത് | 10cm |
| 4/16 | ചാമക്കുന്ന് സി.എൻ.ജിറോഡ് | 10cm |
| 287/16 | തെക്കുംപാടംതണ്ണിക്കുളം റോഡ് കോൺക്രീറ്റിംഗ് | 10cm |
| 19/16 | കാട്ടുമുണ്ടകുന്നുംപുറം ഉമ്മർറോഡ് | 10cm |
| 284/16 | താളിപ്പൊയിൽ പള്ളിപ്പടിറോഡ് | 10cm |
| 96/16 | കമ്പനിക്കുന്ന്എസ്സ്.റ്റി.കോളനി റോഡ് | 10cm |
| 258/16 | താളിപ്പൊയിൽകുരങ്ങൻപൊയിൽറോഡ് | 10cm |
| 101/16 | തെയ്യത്തുംകുന്ന്എസ്സ്.സികോളനിറോഡ്കോൺക്രീറ്റിംഗ് | 10cm |
| 6/16 | പനയംകുന്ന്കുപ്പനത്ത് മുഹമ്മദാലിറോഡ് | 10cm |

## 3-13 മരാമത്ത് പ്രവൃത്തികൾ ഫണ്ട് വിനിയോഗം ഫലപ്രദമല്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ പൊതുസമീപനമനുസരിച്ച് വാർഡ് / ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുന്നതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനത്തെ മൊത്തത്തിൽ ഒറ്റ യൂണിറ്റായിക്കണ്ട് സമഗ്ര പദ്ധതികൾ തയ്യാറാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മമ്പാട് ഗ്രാമപഞ്ചായത്തിൽ മരാമത്ത്പ്രവൃത്തികളുടെ പദ്ധതി രൂപീകരണത്തിൽ ഈ സമീപനം കൈക്കൊണ്ടതായിക്കാണുന്നില്ല. ഫണ്ട് വാർഡടിസ്ഥാനത്തിൽ വിഭജിച്ച് താരതമ്യേന ചെറിയ അടങ്കൽ തുകയുള്ള പദ്ധതികൾ ആണ് തയ്യാറാക്കിയിട്ടുള്ളത്. അസി.എഞ്ചിനിയർ നിർവ്വഹണഉദ്യോഗസ്ഥനായി 206 പ്രോജക്റ്റുകൾക്ക് അംഗീകാരം

ലഭിച്ചിരുന്നു. ഇവയിൽ 161 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ അടങ്കൽ കുറഞ്ഞത് 14408 രൂപയും കൂടിയത് 810000 രൂപയുമാണ്. ഇവയിൽ കൂടുതലും 150000രൂപയും അതിൽ കുറവും അടങ്കൽ ഉള്ള പ്രവൃത്തികളാണ്. ഇവയിൽ 126എണ്ണം റോഡ് പ്രവൃത്തികളാണ്. മരാമത്ത് പ്രവൃത്തികളുടെ എണ്ണം വളരെ കൂടുതലായതിനാൽ പ്രവൃത്തികളുടെ നിർവ്വഹണച്ചുമതലയുള്ള അസി.എഞ്ചിനിയർക്ക് പ്രവൃത്തികളുടെ മേൽനോട്ടം ഫലപ്രദമായി നിർവ്വഹിക്കാൻ സാധിക്കുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പദ്ധതികളുടെ എണ്ണം കുറച്ച് കൂടുതൽ അടങ്കൽ വകയിരുത്തി ഫലപ്രദമായി മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിക്കേണ്ടത് പദ്ധതികളുടെ ഗുണനിലവാരത്തിനും ലക്ഷ്യപൂർത്തീകരണത്തിനും അത്യാവശ്യമാണ്.

## 3-14 മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പുതിയപ്രവൃത്തികൾ ചെയ്യുപ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

റോഡ് മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികളാണ് ചെയ്യേണ്ടത്. സർക്കുലർ നം. 68228/എഫ്.എം1/2012ത.സ്വ.ഭ.വ തിയ്യതി 28.11.2012 അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷവുംറോഡ് മെയ്ന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനമെടുത്തശേഷമായിരിക്കണം മെയ്ന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. മമ്പാട് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമുള്ള തീരുമാനമെടുക്കാതെ റോഡ് മെയ്ന്റനൻസ് ഫണ്ട് പ്രവൃത്തികൾക്ക് വിനിയോഗിച്ചിട്ടുണ്ട്. ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ നടപടിയാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ്നം | പ്രവൃത്തി | തുക |
|---|---|---|
| 283/16 | കമ്പനിക്കുന്ന്ഷൌക്കത്ത് പടിറോഡ് കോൺക്രീറ്റിംഗ് | 150000 |
| 284/16 | താളിപ്പൊയിൽപള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് | 150000 |
| 287/16 | തെക്കുംപാടം തണ്ണിക്കുളംറോഡ് കോൺക്രീറ്റിംഗ് | 100000 |
| 290/16 | മേപ്പാടം ചെറുകാട് ബീരാൻ ഫുട്പാത്ത് കോൺക്രീറ്റിംഗ്സെക്കന്റ് റീച്ച് | 100000 |
| 291/16 | ചെമ്പംകാട് കളരിമുഹമ്മദ് ഫുട്പാത്ത് | 100000 |
| 32/16 | പൂവത്തിക്കുന്ന് ചെമ്മരം റോഡ് ടാറിംഗ് | 150000 |
| 44/16 | പുല്ലോട്ശ്രീധരൻപടിറോഡ് ടാറിംഗ് | 150000 |
| 45/16 | പുല്ലോട്ശോഭനപ്പടി റോഡ് ടാറിംഗ് | 150000 |
| 46/16 | തെക്കുംപാടം അംഗൻവാടി മണലിമ്മൽ റോഡ് ടാറിംഗ് | 150000 |
| 49/16 | പാപ്പാടൻ മുണ്ടൻകുട്ടി റോഡ് ടാറിംഗ് | 100000 |

.

## 3-15 ആട്ടുവളർത്തൽ പദ്ധതികൾ - അപാകതകൾ

2015-16വർഷത്തിൽ വിവിധ പദ്ധതികളിലൂടെ 24 പേർക്ക് 3 പെണ്ണാടുകളെ വീതം നൽകിയിട്ടുണ്ട്. വാങ്ങുന്ന ആടുകളെ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കേണ്ടതാണെങ്കിലും കരാർ ഒന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

ആട്ടുവളർത്തൽ ജനറൽ (പ്രൊ. നം.136/16 ) പ്രകാരം വികസന ഫണ്ടിൽ നിന്നും 112500/- (ബി.നം. 1/15-16 , 3/15-16 , 8/15-16 ) ചെലവഴിച്ചുകൊണ്ട് 15 പേർക്കായി 45 ആടുകളെ നൽകിയതിൽ 43 ആടുകളെ

ഇൻഷ്വർ ചെയ്യതിനുള്ള രേഖകൾ മാത്രമാണ് ഹാജരാക്കിയത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 7/23.12.2016 ) 2 ആടുകളെ ഇൻഷ്വർ ചെയ്യാൻ വിട്ടുപോയതാണെന്നും നാളിതുവരെയും ഇൻഷ്വർ ചെയ്തിട്ടുമില്ല എന്ന മറുപടിയാണ് ലഭ്യമായത്. സൗദ , അബൂബക്കർ എന്നിവർക്ക് നല്കിയ ആടുകളെയാണ് ഇൻഷ്വർ ചെയ്യാത്തത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-16 നോൺ- അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

മൃഗാശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി (പ്രൊ.നം. 118/16 ) വികസന ഫണ്ടിൽ നിന്നും 95,000/-രൂപ ചെലവഴിച്ചിട്ടുണ്ട് (ബി.നം. 7/15-16 തിയതി 23-3-2016 ). ജില്ലയിലെ മൃഗസംരക്ഷണ ഡപ്യൂട്ടി ഡയറക്ടർ നൽകുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൃഗാശുപത്രികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി പ്രൊജക്ടുകൾ തയ്യാറാക്കാവുന്നതാണ് എന്ന് ജി.ഒ (എം.എസ്) 362/2013 തസ്വഭവ തിയതി. 16-11-2013 ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഡപ്യൂട്ടി ഡയറക്ടറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ജെ.ജെ. ഫാർമ, നിലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുള്ളത്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 കാലിത്തൊഴുത്ത് നിർമ്മാണം- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.

പ്രൊജക്ട് നം. S0200/16

അടങ്കൽ . 200000/-

നിർവ്വഹണം. വെറ്ററിനറി സർജൻ

കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് സബ്സിഡിയായി 10000/- രൂപ വീതം നൽകാനായി തനതുഫണ്ടിൽ നിന്നും (ചെക്ക് നം. 4489083/22-03-2016) 110000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് സബ്സിഡി നൽകുമ്പോൾ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേനമ്പറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത് ചെയ്യാതെയാണ് 11 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുള്ളത്. ധനസഹായം നൽകപ്പെട്ട ഗുണഭോക്താക്കൾക്ക് മേൽ പറഞ്ഞ വിധം ധനസഹായം മുമ്പ് ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തി സാക്ഷ്യപത്രം ലഭ്യമാക്കും വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-18 ഐ.എ.വൈ. വിഹിതം - അധികമായി അടവാക്കിയത് 1356537- രൂപ.

2015-16 ൽ 109/16 , 214/16 എന്നീ പദ്ധതികൾ പ്രകാരം ഐ.എ.വൈ. പഞ്ചായത്ത് വിഹിതമായി 2936537/- രൂപ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.(രണ്ടു പ്രൊജക്ടുകളും,ജനറൽ വിഭാഗത്തിൽ പെടുന്നു)

| പദ്ധതി | ചെലവ് | ബ്ലോക്കിലേക്ക് തുക നൽകിയ വിവരം |
|---|---|---|
| 109/16 | ബി.നം.07/15-16/21.10.2015<br>1905483/- (പ്ലാൻ ഫണ്ട് ) | ഡിഡി നം-912755 / 26.10.2015 |
| | ബി.നം.08/15-16/21.10.2015<br>306569/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ഡിഡി നം-912752 / 26.10.2015 |

| പദ്ധതി | ചെലവ് | ബ്ലോക്കിലേക്ക് തുക നൽകിയ വിവരം |
|---|---|---|
| | ബി.നം.09/15-16/30.10.2015<br>224485/- (പ്ലാൻ ഫണ്ട് ) | ഡിഡി നം-910919 / 03.11.2015 |
| 214/16 | ചെക്ക് നം.1906409/20.10.15-500000/-<br>(തനതുഫണ്ട് ) | ഡിഡി നം-910675 / 20.10.2015 |
| ആകെ | 2936537/- രൂപ | |

എന്നാൽ വി.ഇ.ഒ ലഭ്യമാക്കിയ വിവരമനസരിച്ച് 2015-16 വർഷത്തിൽ വിവിധ വിഭാഗങ്ങൾക്ക് ഐ.എ.വൈ വിഹിതമായി അടവാക്കേണ്ടിയിരുന്നത് 2145000/- രൂപയായിരുന്നു. (ജനറൽ,എസ്.സി,എസ്.ടി.അടക്കം.) എന്നാൽ ജനറൽ വിഭാഗത്തിനുള്ള തുക മാത്രമാണ്, കൈമാറിയിട്ടുള്ളത്.

| വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | ഗ്രാമപഞ്ചായത്ത് വിഹിതം | ആകെ വിഹിതം |
|---|---|---|---|
| ജനറൽ | 79 | 20000 | 1580000 |
| എസ്.സി | 25 | 20000 | 500000 |
| എസ്.ടി | 2 | 32500 | 65000 |
| ആകെ | 106 | | 2145000 |

ജനറൽ വിഭാഗത്തിന് ക്രമ പ്രകാരം അടവാക്കേണ്ട തുകയേക്കാൾ, അധികം അടവാക്കിയ 1356537- രൂപ തിരികെ ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. ആയത് ക്രമീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. അധികം നൽകിയ തുകയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-19 ഇടപാടുകളില്ലാത്ത അക്കൗണ്ടുകളിൽ വർഷങ്ങളായി മുടങ്ങികിടക്കുന്നത് ലക്ഷങ്ങൾ.

ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്കായി ലഭിച്ച ഫണ്ട് , പദ്ധതി പൂർത്തിയാക്കാതെ / പൂർത്തീകരണം കഴിഞ്ഞിട്ടും , ബാലൻസ് തുക തിരിച്ചടവാക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ മുടങ്ങികിടക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|
| എസ്.എസ്.എ<br>അക്കൗണ്ട് നം. 1394<br>എസ്.ബി.ടി. നിലമ്പൂർ | 24893/-<br>(31-03-2016ന്) | അക്കൌണ്ടിൽ നിന്നുള്ള അവസാന ഇടപാട് 15.03.12നാണ് നടന്നത്.76976 രൂപ പിൻവലിച്ചതായി കാണുന്നു. അന്ന് ബാലൻസ് തുക 28209 ആയിരുന്നു.കറന്റ് അക്കൗണ്ടായതിനാൽ,ബാങ്ക് ചാർജ് ഇനത്തിൽ, തുക ഈടാക്കുന്നുണ്ട്.31.03.16 വരെ 3316 രൂപ ബാങ്ക് ചാർജിനത്തിൽ നഷ്ടമായി.അക്കൗണ്ട് ക്ലോസ് ചെയ്ത് തുക തിരിച്ചടവാക്കുകയോ,എസ്.ബി അക്കൗണ്ടിലേക്ക് മാറ്റുകയോ ചെയ്യാതിരുന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.ഫണ്ടിന് നഷ്ടമായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും |

| ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|
| | | ഈടാക്കേണ്ടതാണ്. |
| മണൽ അക്കൗണ്ട് നം. 7790 കെ.ജി.ബി. മമ്പാട് | 751379/- (01-08-2016ന്) | അവസാന ഇടപാട് നടന്നത്, 26.03.15 നാണ്.തൊഴിലാളികളുടെ കൂലി നൽകുന്നതിന് 6500 രൂപ പിൻവലിച്ചതിനു ശേഷം ഇടപാടുകളൊന്നും നടന്നിട്ടില്ല.മണൽ വിൽപ്പനയിലൂടെ ലഭിച്ച വരുമാനം തനത് ഫണ്ട് അക്കൌണ്ടിലിടാതെ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. ആയത് തനത് ഫണ്ടിൽ ലയിപ്പിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| സാക്ഷരത അക്കൗണ്ട് നം. 7354 കെ.ജി.ബി. മമ്പാട് | 30842/- (31-03-2016ന്) | സാക്ഷരതാ പ്രേരകുമാർക്ക് 2008 മുതൽ ഹോണറേറിയം നൽകി വരുന്നത്,തനത് ഫണ്ടിൽ നിന്നാണ്.സാക്ഷരതാ മിഷൻ ഫണ്ട് ലഭിക്കുമ്പോൾ,അക്കൗണ്ട് ചെയ്യുന്നതും തനത് ഫണ്ടിലാണ്.02.02.15 ന് 29645 രൂപ അക്കൗണ്ടിൽ ഉണ്ടായിരുന്നിട്ടും, ഈ തുക പരിഗണിക്കാതെ, തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകി.സാക്ഷരതാ പ്രവർത്തനങ്ങളുടെ ഇടപാടുകൾ, ഈ അക്കൗണ്ടിലൂടെ നടത്തേണ്ടതാണ്. |
| കുടുംബശ്രീ അക്കൗണ്ട് നം. 6221 എം.എസ്.സി.ബി. | 276966/- (31-03-2016ന്) | വർഷങ്ങൾക്കു മുമ്പ് കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച എസ്.സി.എ ഫണ്ടും,ആരോഗ്യ ഇൻഷുറൻസ് ഇനത്തിൽ പിരിച്ചെടുത്ത തുകയും ഉൾപ്പെടുന്നു.ആരോഗ്യ ഇൻഷുറൻസ് തുക ജനങ്ങൾക്ക് തിരികെ നൽകുന്നതിന് സർക്കാർ നിർദ്ദേശമുണ്ടായിരുന്നെങ്കിലും, ഓഡിറ്റ് തീയതി വരെ, ആയത് പാലിച്ചിട്ടില്ല. |

മേൽപ്പറഞ്ഞ അക്കൗണ്ടുകളിലെ തുകകൾ ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരിച്ചടവാക്കി , അക്കൗണ്ട് ക്ലോസ് ചെയ്ത് , വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 ഭവന നിർമ്മാണം- പൂർത്തീകരിച്ചില്ല.

2015-16 വർഷത്തിൽ നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികളിൽപെടുന്ന, താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ വിവരം |
|---|---|---|---|---|
| 1 | ഭവന നിർമ്മാണം ജനറൽ (182/16) | നൂർജഹാൻ നീലാമ്പ്ര | 105000 | 45000/- (24-02-2016) |

| | | | | |
|---|---|---|---|---|
| | | | | |
| 2 | ഭവന നിർമ്മാണം ജനറൽ (182/16) | ഹഫ്സത്ത് ചോലശ്ശേരി | 60000 | 45000/-<br>(24-02-2016) |
| 3 | ഭവന നിർമ്മാണം വനിത(183/16) | റുഖിയ നല്ലാട്ട് | 140000 | 60000/-<br>(26-03-2016) |
| 4 | ഭവന നിർമ്മാണം ജനറൽ (224/16) | ജയശ്രീ താഴെ പറമ്പത്ത് | 60000 | 60000/-<br>(21-02-2015) |

ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.അല്ലാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-21 റോഡ്ടാറിംഗ് പ്രവൃത്തികൾ ബിറ്റുമിന് അധികനിരക്ക് നൽകി.

മമ്പാട് ഗ്രാമപഞ്ചായത്തിൽ 2015-16വർഷത്തിൽ നടപ്പാക്കിയ റോഡ്ടാറിംഗ് പ്രവൃത്തികളിൽ 16 എണ്ണം ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കിയവയാണ്. ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ തുക നൽകുമ്പോൾ എഞ്ചിനിയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതികൾ യഥാർത്ഥത്തിൽ ചെലവഴിച്ച തുകയോ ഏതാണ് കുറവ് അതാണ് നൽകേണ്ടത്. ഡി.എസ്.ആർ 2014 അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ബിറ്റുമിന്റെ വില ടണ്ണിന് 50600 + കോസ്റ്റ് ഇന്റക്സ് 30.48% ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഗുണഭോക്തൃസമിതികൾ ഹാജരാക്കിയ ബിൽപ്രകാരം വില ഇതിലും വളരെക്കുറവാണ്. എന്നാൽ ഗുണഭോക്തൃസമിതികൾ സമർപ്പിച്ച ചെലവു കണക്കുകളിൽ ബിറ്റുമിൻ വില ബിൽ പ്രകാരം എടുക്കുകയും പ്രവൃത്തിയുടെ കൂലിച്ചലവ് വളരെയധികം കൂട്ടിക്കാണിച്ച് ആകെച്ചെലവ് എഞ്ചിനിയറുടെ മൂല്യനിർണ്ണയതുകയെക്കാൾ കൂട്ടിക്കാണിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഈ നടപടി ക്രമപ്രകാരമല്ലാത്തതായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം | പ്രവൃത്തിയുടെ പേര്, ബിറ്റുമിൻ അളവ് | ഡി.എസ്.ആർ 2014 പ്രകാരമുള്ള ബിറ്റുമിൻ വില | ഗുണഭോക്തൃ സമിതികൾ ഹാജരാക്കിയ ബിൽ പ്രകാരം വില | എഞ്ചിനിയറുടെ മൂല്യനിർണ്ണയ പ്രകാരമുള്ള പ്രവൃത്തിയുടെ തുക | ഗുണഭോക്തൃ സമിതികളുടെ കണക്ക പ്രകാരം പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 294/16 | കുട്ടിക്കുന്ന് അറക്കൽ | 42730 | 19819 | 150000 | 159549 |

| പ്രോ.നം | പ്രവൃത്തിയുടെ പേര്, ബിറ്റുമിൻ അളവ് | ഡി.എസ്.ആർ 2014 പ്രകാരമുള്ള ബിറ്റുമിൻ വില | ഗുണഭോക്തൃ സമിതികൾ ഹാജരാക്കിയ ബിൽ പ്രകാരം വില | എഞ്ചിനിയറുടെ മൂല്യനിർണ്ണയ പ്രകാരമുള്ള പ്രവൃത്തിയുടെ തുക | ഗുണഭോക്തൃ സമിതികളുടെ കണക്കു പ്രകാരം പ്രകാരമുള്ള തുക |
|---|---|---|---|---|---|
| | ഇബ്രാഹിംറോഡ്4 *161.8kg | | | | |
| 68/16 | കാരച്ചാൽ ടൗൺ പാലംറോഡ് 4*161.8kg | 42730 | 20701 | 139910 | 140067 |
| 38/16 | കിഴക്കെത്തല തോരക്കുന്ന്റോഡ്5*161.8kg | 53413 | 25876 | 200000 | 202150 |
| 186/16 | കാരച്ചാൽമങ്ങാ ട്ട് റോഡ്ടാറിംഗ് 7*161.8kg | 74778 | 36227 | 298544 | 300780 |
| 54/16 | കാരച്ചാൽ അംഗനവാടി പുന്നക്കലട്ടി റോഡ്7*161.8k | 74778 | 36227 | 298986 | 300780 |
| 49/16 | പാപ്പാടൻ മുണ്ടൻകുട്ടി റോഡ്ടാറിംഗ് 4*161.8 | 42730 | 20849 | 106849 | 100000 |
| 52/16 | കുറത്തിയാർ പൊയിൽ ചെമ്മരം റോഡ്ടാറിംഗ് 5*161.8kg | 53413 | 2606315 | 150000 | 151813 |
| 45/16 | പുല്ലോട് ശോഭനപ്പടി റോഡ്ടാറിംഗ് 5*161.8 | 53413 | 26063 | 150000 | 151571 |
| 32/16 | പൂവത്തിക്കുന്ന് ചെമ്മരം റോഡ് ടാറിംഗ് 5*161.8kg | 53413 | 26063 | 150000 | 150662 |
| 44/16 | പുല്ലോട് ശ്രീധരൻപടി റോഡ്ടാറിംഗ് 5*161.8kg | 53413 | 26064 | 150000 | 141509 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 33333 | ലഭ്യമല്ല. | 0 | 33333 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും വായ്പ തിരിച്ചടവുമില്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ 2015-16 വർഷത്തിൽ ലഭിച്ച 40,600/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | ലഭ്യമാക്കിയില്ല | 30000 | ലെനീഷ്.വി.എൻ, സീനിയർ ക്ലർക്ക് | 1150540008 / 05.06.2015 |
| 2012 | ലഭ്യമാക്കിയില്ല | 3000 | പി.രാമകൃഷ്ണൻ, സെക്രട്ടറി | 11505101609/ 24.08.2015 |

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2-1(3) | 7600 | ലഭ്യമാക്കിയില്ല | 11505104194 08.03.2016 |
| ആകെ | | 40600 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1994-95 | 21 | 2001-02 | 21 | സ്റ്റോർ പർച്ചേസ് ചട്ട ലംഘനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | 2012-13 | | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് (തൊഴിലുറപ്പ് പദ്ധതി) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | | 2014-15 | 3-1 | നിഷ്ക്രിയ ആസ്തികൾ - അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | | 2014-15 | 3-2 | മണൽ വാരൽ - അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,46,14,575 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,92,55,721 |
| വരവിനങ്ങളിലുള്ള നഷ്ടം | 74807 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33090 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2422426 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 900 | | ശ്രീ.എ.മുരുകൻ ആചാരി, അസി.സെക്രട്ടറി |
| 2-2 | 53,360 | | ശ്രീ.കുഞ്ഞഹമ്മദ്.വി.പി, അസി.എഞ്ചിനീയർ - 26680 രൂപ |

| | | | |
|---|---|---|---|
| | | | ശ്രീ.സുദേവൻ.പി.സി, അസി.സെക്രട്ടറി - 26680 രൂപ |
| 2-3 | 17935 | | ശ്രീ. കുഞ്ഞിമുഹമ്മദ് വി.പി. , അസി.എഞ്ചിനീയർ |
| 2-7 | 2612 | | ശ്രീ.എ.മുരുകൻ ആചാരി, അസി.സെക്രട്ടറി |
| 3-10 | | 33090 | ശ്രീമതി. പുഷ്പജ. ICDS സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 14,200 | ശ്രീ.അവിസന്ന.പി, അസി.സെക്രട്ടറി |
| 3-4 | 5,85,689 | ശ്രീ.സുദേവൻ.പി.സി, അസി.സെക്രട്ടറി<br>ശ്രീ.എം.ജിനചന്ദ്രൻ, സെക്രട്ടറി |
| 3-5 | 1,70,000 | ശ്രീ.എം.മുരുകൻ ആചാരി, അസി.സെക്രട്ടറി |
| 3-6 | 96,000 | ശ്രീ.ബി.തങ്കപ്പൻ, ഹെഡ്മാസ്റ്റർ |
| 3-17 | 2,00,000 | ശ്രീ. മനോജ് .എം. വർഗ്ഗീസ് , വെറ്റിനറി സർജൻ |
| 3-18 | 1356537 | ശ്രീ.സുദേവൻ.പി.സി, അസി.സെക്രട്ടറി |
| ആകെ | 2422426 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം | തുക | ഇനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-3 | 337 | ഗ്രന്ഥശാലാവരി | ശ്രീ. കുഞ്ഞിമുഹമ്മദ് വി.പി. , അസി.എഞ്ചിനീയർ |
| 2-7 | 131 | ഗ്രന്ഥശാലാവരി | ശ്രീ.എം.മുരുകൻ ആചാരി, അസി.സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഖണ്ഡിക 2-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.മുരുകൻ ആചാരി, | അസി.സെക്രട്ടറി, പട്ടാമ്പി | മേലേക്കുന്നംപുറത്ത് |

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അസി.സെക്രട്ടറി | മുനിസിപ്പാലിറ്റി | ഹൌസ്, തിരുവല്ലം.പി.ഒ, തിരുവനന്തപുരം-21 |
| ശ്രീ.സുദേവൻ.പി.സി, അസി.സെക്രട്ടറി | അസി.സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | ശ്രീവില്ല, താമരക്കുഴി, മലപ്പുറം |
| ശ്രീ.കുഞ്ഞഹമ്മദ്.വി.പി, അസി.എഞ്ചിനീയർ | വിരമിച്ചു. | പട്ടപ്പുങ്ങൽ ഹൌസ്, പാലപ്പറ്റ, പന്നിപ്പാറ.പി.ഒ |
| ശ്രീമതി. പുഷ്പജ. ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ, മമ്പാട് ഗ്രാമ.പ | ലാൽഭവൻ, ആമയൂർ. പി.ഒ, മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1985-86 | എൽ.എഫ്.എം.6/854/10 തി. 03.09.2010 | 1 | |
| 1986-87<br>1987-88 | എൽ.എഫ്.എം.6/855/10 തി. 03.09.2010 | 6 | |
| 1988-89<br>1989-1990 | എൽ.എഫ്.എം.6/856/10 തി. 03.09.2010 | 4 | |
| 1991-92 | എൽ.എഫ്.എം.6/857/10 തി. 03.09.2010 | 2 | |
| 1992-93<br>1993-94 | എൽ.എഫ്.എം.6/858/10 തി. 03.09.2010 | 3 | |
| 1989-90 മുതൽ 1995-96 വരെ (ജെ.ആർ.വൈ) | എൽ.എഫ്.എം.6/856/10 തി. 03.09.2010 | 13 | |
| 1995-96 | എൽ.എഫ്.എം.6/860/10 തി. 03.09.2010 | 6 | |
| 1996-97 | എൽ.എഫ്.എം.6/2240/08 തി. 22.05.2009 | 1 | |
| 1997-98 പ്ലാൻ | എൽ.എഫ്.എം.6/2241/08 തി. | 4 | |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| ഒഴികെ | 22.05.2009 | | |
| 1998-99 പ്ലാൻ ഒഴികെ | എൽ.എഫ്.എം.5/1996/2009 തി.14.09.2010 | 6 | |
| 1999-2000 പ്ലാൻ ഒഴികെ | എൽ.എഫ്.എം.6/2243/08 തി. 22.05.2009 | 6 | |
| 2000-01 പ്ലാൻ ഒഴികെ | എൽ.എഫ്.എം.6/2224/08 തി. 22.05.2009 | 2 | |
| 2000-01 | എൽ.എഫ്.എം.6/1810/04 തി. 13.08.2004 | 4 | |
| 2001-02 | എൽ.എഫ്.എം.6/809/2004 തി.01.09.2004 | 26 | |
| 2002-03 | എൽ.എഫ്.എം.6/209/2005 തി.28.09.2005 | 16 | |
| 2003-04 | എൽ.എഫ്.എം.6/1799/2006 തി.28.03.2007 | 13 | |
| 2004-05 | എൽ.എഫ്.എം.6/2245/2008 തി.12.08.2009 | 8 | |
| 2005-06 | എൽ.എഫ്.എം.6/2163/2009 തി.08.03.2010 | 12 | |
| 2006-07 | എൽ.എഫ്.എം.6/2164/2009 തി.08.03.2010 | 14 | |
| 2007-08 | എൽ.എഫ്.എം.7/87/2011 തി.12.05.2011 | 16 | |
| 2008-09 | എൽ.എഫ്.എം.7/88/2011 തി.12.05.2011 | 25 | |
| 2009-10<br>2010-11 | എൽ.എഫ്.എം.7/976/2013 തി: 21.06.2013 | 23 | |
| 2011-12 | എൽ.എഫ്.എം.7/3562/2014 തി:13.07.2015 | 20 | |
| 2012-13<br>2013-14 | എൽ.എഫ്.എം.7/1410/2015 തി. 01.08.2015 | 27 | |
| 2014-15 | കെ.എസ്.എ.എം.പി.എം.26/731/2016 തി.28.04.2016 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം.

കെ എസ് എ എം പി എം/26/3447/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 31.01.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## അനുബന്ധം-2

# AUDIT CERTIFICATE.

No.KSA/MPM/26/3447/2016

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date:31.01.2017

Certified that I have audited the Annual Financial Statement of Mampad Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Mampad Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram